(സി) എങ്കിൽ ആശാൻ സ്ക്വയറിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ആശാൻ സ്ക്വയറിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ഐ.കെ.എം. ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ

290 (1715) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും 2005-ൽ ഐ. കെ. എം. മുഖേന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി നിയമിക്കപ്പെട്ടവരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ജോലിയിൽ തുടരുന്നവരെ സ്ഥിരപ്പെടുത്താൻ നടപടി കൈക്കൊള്ളുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(സി) കേരളത്തിലെ 52 മുനിസിപ്പാലിറ്റികളും ഐ.കെ.എം. മുഖേന നിയമിക്കപ്പെട്ട ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം തുടർന്നും ആവശ്യമുണ്ടെന്ന് സർക്കാരിനെ രേഖാമൂലം അറിയിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) നഗരസഭ/കോർപ്പറേഷനുകളുടെ തനത് ഫണ്ടിൽ നിന്നുമാണ് ഇവർക്കുള്ള വേതനം നൽകുന്നത് എന്നതിനാൽ സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഇല്ല എന്ന വസ്തുത പരിഗണിച്ചും ഇപ്രകാരം നിയമിക്കപ്പെട്ട് ഇപ്പോഴും ജോലിയിൽ തുടരുന്നവരെ മുൻസിപ്പാലിറ്റികളിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) 2005-ൽ ഐ.കെ.എം. മുഖേന തെരഞ്ഞെടുത്ത് നിയമിക്കപ്പെട്ട ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം മുനിസിപ്പാലിറ്റികളിൽ വേണ്ട എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്. അംഗീകാരമില്ലാത്ത തസ്തികകളിൽ താല്കാലികമായി നിയമിക്കപ്പെടുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കാത്തതിനാൽ ഈ ആവശ്യം സർക്കാർ നിരസിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പരിഗണനയിലില്ല.

(ഇ) ഇല്ല. എന്നാൽ ഇത്തരം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം തുടരേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് 18-5-2012-ലെ സ.ഉ. (സാധാ) 1385/2012/തസ്വഭവ ഉത്തരവ് പ്രകാരം അതാത് മുനിസിപ്പാലിറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

കരമന-കളിയിക്കാവിള ദേശീയപാതാ വികസനം

291 (1716) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിനായി ഭൂമി വിട്ടുകൊടുത്ത ഭൂവുടമകൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകി കെട്ടിട നിർമ്മാണ അനുമതി ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം 3 സി(ബി) പ്രകാരം ഒരു പൊതു ആവശ്യത്തിന് ഗവൺമെന്റിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ ഗവൺമെന്റ് ഏജൻസിക്കോ സ്ഥലം വിട്ടുകൊടുക്കുന്ന പക്ഷം വിട്ടുകൊടുത്ത സ്ഥലത്തിന് ആനുപാതികമായി ഇളവ് നൽകുവാൻ ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച് സർക്കാരിന് തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിനായി ഭൂമി വിട്ടുകൊടുത്ത ഭൂവുടമകൾക്ക് കെട്ടിടനിർമ്മാണത്തിന് ഇളവ് നൽകുന്ന കാര്യം കെ.എം.ബി.ആർ. 1999 പ്രകാരം പരിശോധിച്ച് അഭിപ്രായം അറിയിക്കാൻ ചീഫ് ടൗൺ പ്ലാനർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly